LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാരുടെ രാജി

29. [29] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന മന്ത്രിസഭയിൽനിന്നും എത്ര മന്ത്രിമാർ രാജിവെച്ചിട്ടുണ്ട്;

(ബി) ഇതിൽ കോടതി പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം മന്ത്രിമാർ രാജിവെച്ചിട്ടുണ്ട്;

(സി) മന്ത്രിമാർക്കെതിരായുള്ള കോടതി പരാമർശം ഒഴിവാക്കി കിട്ടാൻ സർക്കാർ അപ്പീൽ നൽകിയിരുന്നുവോ;

(ഡി) എങ്കിൽ ഏതെല്ലാം കേസ്സുകളിലാണ് സർക്കാർ അപ്പീൽ നൽകിയിരുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അഞ്ച് മന്ത്രിമാർ രാജിവെച്ചിട്ടുണ്ട്.

(ബി—ഡി) വിവരം ശേഖരിച്ചുവരുന്നു.

മന്ത്രിമന്ദിരങ്ങൾ മോടിപിടിപ്പിക്കുന്നതിനുള്ള ചെലവുകൾ

30. [30] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ മന്ത്രിമാരുടെ വസതികൾ മോടിപിടിപ്പിച്ചതിന് ഓരോരുത്തർക്കും വേണ്ടി ചെലവഴിച്ച് തുക എത്ര വീതമെന്നു വ്യക്തമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.

പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിന് നേരെയുള്ള അതിക്രമങ്ങൾ

31. [31] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്. സി./എസ്. റ്റി വിഭാഗത്തിനുനേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ എത്ര ആക്രമണങ്ങൾ നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) എസ്. സി./എസ്. ടി. വിഭാഗത്തിൽപ്പെട്ട എത്രപേർ ആക്രമണത്തിൽ മരിക്കാൻ ഇടയായിട്ടുണ്ട്. എന്നും എത്ര പേർക്ക് പരിക്ക് പറ്റിയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ മൂന്നുവർഷത്തെ കണക്കുകൾ പരിശോധിച്ചതിൽ സംസ്ഥാനത്ത് എസ്.സി./എസ്. ടി. വിഭാഗങ്ങൾക്ക് നേരെയുള്ള അതിക്രമങ്ങളിൽ ചെറിയ തോതിൽ ഏറ്റക്കുറവുകൾ കാണുന്നു.

(ബി) കഴിഞ്ഞ 3 വർഷത്തെ ഇത്തരം അതിക്രമങ്ങളെ സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) 2003-ൽ 5 പേരും 2004-ൽ 5 പേരും 2005-ൽ 4 പേരും മരിക്കാനിടയായിട്ടുണ്ട് 2003-ൽ 15 പേർക്കും 2004-ൽ 2 പേർക്കും 2005-ൽ 4 പേർക്കും ഗുരുതരമായി പരിക്കുപറ്റിയിട്ടുണ്ട്.

സ്ത്രീകൾക്കെതിരെയുള്ള ക്രൂരതകൾ

32. [32] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സ്ത്രീകളെ തട്ടിക്കൊണ്ടുപോകുന്നതും ബലാത്സംഗവും വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്രപേരെ നാളിതുവരെ തട്ടിക്കൊണ്ടുപോയിട്ടുണ്ട് എന്നു വെളിപ്പെടുത്താമോ;

(സി) ഇതിൽ എത്ര പേരെ കണ്ടെത്തി തിരികെ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടെന്നറിയിക്കാമോ;

(ഡി) എത്ര ബലാത്സംഗങ്ങൾ നടന്നിട്ടുണ്ട്; ഇതിൽ എത്ര കുറ്റവാളികളെ അറസ്റ്റുചെയ്ത് കേസ് എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 507 പേരെ തട്ടിക്കൊണ്ടുപോയിട്ടുണ്ട്.

(സി) 474 പേരെ കണ്ടെത്തിയിട്ടുണ്ട്.

(ഡി) 2138 ബലാത്സംഗങ്ങൾ. 2251 കുറ്റവാളികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly